**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ പുതുതായി അനുവദിച്ച സബ് ഓഫീസുകളിലെ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ "2075 - 00 - 103 - 97 - സമ്മാന വിതരണം" "2075 - 00 - 103 - 98 - ഏജന്റ്സ് കമ്മീഷൻ" എന്നീ ശീർഷകങ്ങളുടെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ചും പുതിയ 18 സബ് ഓഫീസുകളിലെ ശമ്പളം, ഭരണപരമായ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയുടെ ട്രഷറി ഇടപാടുകൾക്ക് അതത് ജില്ലാഭാഗ്യക്കുറി ഓഫീസർമാരെ അധികാരപ്പെടുത്തിയും ഉത്തരവാകുന്നു.

---

**ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പ്**

സ.ഉ. (സാധാ) നം. **3641/2017/ധന.** തിരുവനന്തപുരം, തീയതി **26.04.2017**

---

പരാമർശം - 1. 16.12.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 106/2016/നി.വ.

2. 18.03.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 210/2017/നി.വ.

3. 22.03.2017 ലെ ബഡ്.1/6561/16/ഡി.എസ്.എൽ നമ്പറായുള്ള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കത്ത്

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ പുതിയ സബ് ഓഫീസുകൾ അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഓഫീസുകളിലെ ഓഫീസർമാർക്ക് സാമ്പത്തിക അധികാര പരിധി നിർണയിച്ച് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുതായി അനുവദിച്ച 18 സബ് ഓഫീസുകളിലെ ശമ്പളം, ഭരണപരമായ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയുടെ ട്രഷറി ഇടപാടുകൾക്ക് ജില്ലാഭാഗ്യക്കുറി ഓഫീസർമാർക്ക് അധികാരം നൽകുന്നതിനും അതേ ഓഫീസുകളിലെ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് "2075 - 00 - 103 - 97 - സമ്മാന വിതരണം" "2075 - 00 - 103 - 98 - ഏജന്റ്സ് കമ്മീഷൻ" എന്നീ ശീർഷകങ്ങളുടെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ച് ഉത്തരവാകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശകത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ സബ് ഓഫീസ് മേധാവിയായ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ "2075 - 00 - 103 - 97 - സമ്മാന വിതരണം" "2075 - 00 - 103 - 98 - ഏജന്റ്സ് കമ്മീഷൻ" എന്നീ ശീർഷകങ്ങളുടെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ച് ഉത്തരവാകുന്നു. മാത്രമല്ല, സൂചന ഒന്നു പ്രകാരം പുതുതായി അനുവദിച്ച 18 സബ് ഓഫീസുകളിലെ ശമ്പളം, ഭരണപരമായ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയുടെ ട്രഷറി ഇടപാടുകൾക്ക് അതത് ജില്ലാഭാഗ്യക്കുറി ഓഫീസർമാരെ അധികാരപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ. ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ജി.ആന്റ്എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, നെയ്യാറ്റിൻകര/ആറ്റിങ്ങൽ/കരുനാഗപ്പള്ളി/അടൂർ/കായംകുളം/ചേർത്തല/ വൈക്കം/അടിമാലി/മൂവാറ്റുപുഴ/ഇരിങ്ങാലക്കുട/ചാവക്കാട്/ചിറ്റൂർ/പട്ടാമ്പി/തിരൂർ/വടകര/മാനന്തവാടി/ പയ്യന്നൂർ/കാഞ്ഞങ്ങാട്

നികുതി (H) വകുപ്പ് ( U.O file No: 1321527/എച്ച് 1/17/നി.വ. പ്രകാരം )

ധനകാര്യ (എക്സ്പെൻഡിച്ചർ -ബി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ